**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6128 02.04.2018-ലെ മറുപടിയ്ക്ക്

**വോളിബോൾ താരത്തിന് സർക്കാർ ജോലി നൽകുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വോളിബോളിൽ കേരള പുരുഷ ടീം 2018 ഫെബ്രുവരി 18 മുതൽ 28 വരെ കോഴിക്കോട് വച്ചു നടന്ന നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പിൽ ചാമ്പ്യൻ പട്ടം നേടിയതിനു പുറമെ ഇക്കഴിഞ്ഞ മാർച്ച് 11 മുതൽ 20 വരെ ആന്ധ്രയിൽ വച്ച് നടന്ന ഫെഡറേഷൻ കപ്പ് നാഷണൽ മത്സരത്തിലും ചാമ്പ്യൻമാരായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളത്തിന് രണ്ട്ദേശീയ കിരീടം നേടിക്കൊടുത്ത പ്രസ്തുത വോളിബോൾ ടീമിനും അസോസിയേഷൻ ഭാരവാഹികൾക്കും ക്യാഷ് അവാർഡ് നൽകുന്നതിനും അനുമോദനചടങ്ങ് സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫെഡറേഷൻ കപ്പ് മത്സരങ്ങളിൽ വിജയിച്ച കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. |
| (സി) | ഈ രണ്ട് ചാമ്പ്യൻഷിപ്പിലും വിജയികളായ കേരള ടീമിൽ കഴിഞ്ഞ 8 വർഷമായി കളിയ്ക്കുന്നതും ഈ ഫെഡറേഷൻ നാഷണൽ മത്സരത്തിൽ ഇന്ത്യയിലെ ഒന്നാം നമ്പർ ലിബ്റോ കളിക്കാരനായി തെരഞ്ഞെടുത്ത | (സി) & (ഡി) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | കോഴിക്കോട്ടുകാരനുമായ ശ്രീ. സി.കെ.രതീഷ് എന്ന കളിക്കാരൻ കായിക വകുപ്പ് മന്ത്രിക്ക് ജോലിയ്ക്കായി അപേക്ഷ നൽകിയതിൻ പ്രകാരം ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ | | |
| (ഡി) | സ്പോർട്സിൽ ഉജ്ജ്വല നേട്ടങ്ങൾ കൈവരിച്ച ശ്രീ.സി.കെ.രതീഷിന് ജോലി നൽകുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**